# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6683 1.11.2011-ലെ മറുപടിക്ക്

### ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

**ചോദ്യം**

ശ്രീ. പി. സി. വിഷ്ണുനാഥ്

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ, കുരട്ടിശേരി, ചെന്നിത്തല, തൃപ്പെരുംതുറ എന്നീ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിലേക്ക് ശുപാർശ ചെയ്തിട്ടുള്ള പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ച് കരാർ നിജപ്പെടുത്തിയിട്ടും നാളിതുവരെ പ്രാരംഭ പ്രവൃത്തികൾ പോലും ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടിന്റെ പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും സ്കെച്ചിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ പ്രവൃത്തി കാലവിളംബം കൂടാതെ അടിയന്തിരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ചെറിയനാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതികളുടെ സ്കെച്ച്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ), (ബി), (സി), & (ഡി) മാന്നാർ, കുരട്ടിശ്ശേരിയും ഭരണിക്കാവിനും സമീപ വില്ലേജുകളും എന്നീ രണ്ട് പദ്ധതികളുടെ പൊതുഘടകങ്ങളായ ശുദ്ധീകരണശാലയുടെയും, ജലസംഭരണിയുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. 33 കിലോമീറ്റർ വിതരണ കുഴലുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രധാന ജലവിതരണ കുഴലിന്റെയും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും ദർഘാസ് ക്ഷണിച്ചു. എന്നാൽ ഈ പദ്ധതിയുടെ അംഗീകരിച്ച പണികളുടെ ആകെ തുക ഭരണാനുമതി കവിഞ്ഞു പോയതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രോജക്ടിന്റെ പ്ലാനിന്റെയും, എസ്റ്റിമേറ്റിന്റെയും, സ്കെച്ചിന്റെയും പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.

(ഇ), (എഫ്) & (ജി) ചെറിയനാട് കുടിവെള്ള പദ്ധതിയുടെ പാക്കേജ് - 1 (ശുദ്ധീകരണ ശാല, പമ്പിംഗ് ലൈനുകൾ, ജലസംഭരണി, ചുറ്റുമതിൽ, പുനരുദ്ധാരണ പ്രവർത്തികൾ) ദർഘാസ് ലഭിച്ചെങ്കിലും ക്വാട്ട് ചെയ്ത തുക ഭരണാനുമതിയേക്കാൾ കൂടുതൽ ആയതിന.ൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്കെച്ച് പ്ലാൻ എസ്റ്റിമേറ്റ് ഇവയുടെ പകർപ്പ് അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ജി) | പ്രവൃത്തികളുടെ നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | | |
| (എച്ച്) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ? | (എച്ച്) | പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**